"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - തദ്ദേശ സ്വയംഭരണ വകുപ്പിൽ രണ്ടാംതരം ഓവർസിയർ ആയ ശ്രീമതി.ഷമീന.കെ.പി.-ക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.ഡബ്ല്യു.ബി) വകുപ്പ്

സ.ഉ.(സാധാ) നം.3029/2022/LSGD തീയതി,തിരുവനന്തപുരം, 06-12-2022

പരാമർശം:-

1) ശ്രീമതി.ഷമീന.കെ.പി. സമർപ്പിച്ച 20.11.2020 ലെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷ.

2) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 16.04.2021ലെ ഇ14-14613/2020/സി.ഇ/തസ്വഭവ നമ്പർ കത്ത്.

3) എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസറുടെ 22.02.2021 ലെ സി3-1503/2021 നമ്പർ കത്ത്.

ഉത്തരവ്

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ നഗരസഭയിലെ രണ്ടാം ഗ്രേഡ് ഓവർസിയർ ആയ ശ്രീമതി. ഷമീന കെ. പി. യുടെ മകന്റെ ചികിത്സയ്ക്ക് എറണാകുളം സ്പെഷ്യലിസ്റ്റ് ആശുപത്രിയിൽ 31.08.2020 മുതൽ 03.09.2020 വരെ ചെലവായ 53.735/ - രൂപ(അൻപത്തി മൂന്നായിരത്തി എഴുന്നൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകണമെന്ന് പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യം പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എൻജിനീയർ ശുപാർശ ചെയ്തിട്ടുണ്ട്.

2 . ശ്രീമതി. ഷമീന കെ. പി.-യുടെ അപേക്ഷയിന്മേൽ പ്രതിപൂരണം ചെയ്യുന്നതിന് അനുവദനീയമായ തുക 14.007/- രൂപ( പതിനാലായിരത്തി ഏഴ് രൂപ മാത്രം) ആണെന്ന് എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് പരാമർശം 3 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ നഗരസഭയിലെ രണ്ടാം ഗ്രേഡ് ഓവർസിയർ ആയ ശ്രീമതി. ഷമീന കെ. പി. യുടെ മകന്റെ ചികിത്സയ്ക്ക് എറണാകുളം സ്പെഷ്യലിസ്റ്റ് ആശുപത്രിയിൽ 31.08.2020 മുതൽ 03.09.2020 വരെ ചെലവായ തുകയിൽ ജില്ലാ മെഡിക്കൽ ഓഫീസർ അനുവദിക്കാമെന്ന് അറിയിച്ചിരിക്കുന്ന തുകയായ 14,007/- രൂപയുടെ 80% ആയ 11,206/- രൂപ (പതിനൊന്നായിരത്തി ഇരുന്നൂറ്റി ആറ്

രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു. മേൽ തുക 2515-00-001-90-01--04--MR" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും ചിലവഴിക്കേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റ്റി.മേയോ ഭാസ്കർ

അണ്ടർ സെക്രട്ടറി

1. ശ്രീമതി.ഷമീന.കെ.പി., ഓവർസിയർഗ്രേഡ് II

   (തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന)
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

   (ബില്ലുകളും അനുബന്ധ രേഖകളും സഹിതം).
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. ധനകാര്യ വകുപ്പ് (19.11.2021 ലെ 1810410-L3/214/2021-Fin നമ്പർ കുറിപ്പ് പ്രകാരം)
6. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Subha S
Date: 06-12-2022 16:32:48
സെക്ഷൻ ഓഫീസർ